Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 5585/AO(RMC)/2021/കെ ഡബ്ല്യൂ എ

തീയതി: 07.01.2022

## സർക്കുലർ

വിഷയം:- കേരള വാട്ടർ അതോറിറ്റി - എല്ലാ വിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് ഓരോ മാസവും 100 കോടി രൂപ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1) 15/03/2021 ലെ ഇതേ നമ്പർ ഉത്തരവ്.
2) 07/07/2021 ലെ സർക്കുലർ നമ്പർ.KWA/ HO/ RMC/ R 1/ 598/ 2021

ആദ്യ സൂചനയിലെ ഉത്തരവ് പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ (2020-21) അവസാന മാസം നടന്ന തീവ്ര കുടിശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി 115.00 കോടിയിൽപരം രൂപ നമുക്ക് പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്. എല്ലാ ജീവനക്കാരുടെയും ഒത്തൊരുമയോട് കൂടിയുള്ള പ്രവർത്തനഫലമായാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്. വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ് ഈ അവസരത്തിൽ പ്രതിമാസം 100.00 കോടി രൂപയെങ്കിലും പിരിച്ചെടുത്താലേ നമ്മുടെ ശമ്പളവും പെൻഷനും മറ്റ് അത്യാവശ്യ ആനുകൂല്യങ്ങളും യഥാസമയം നൽകുവാൻ സാധിക്കുകയുള്ളൂ.

സൂചന 2 ലെ ഉത്തരവുപ്രകാരം 2021- 22 സാമ്പത്തിക വർഷത്തിലെ ആകെ ടാർജറ്റ് 2132 കോടി രൂപയാണ്, അതായത് പ്രതിമാസ ടാർജറ്റ് 177 കോടി രൂപ. ഇതിൽ ഈ സാമ്പത്തിക വർഷം 9 മാസം പിന്നിടുമ്പോൾ 385 കോടി രൂപ മാത്രമാണ് (പ്രതിമാസ ശരാശരി 43.00 കോടി) പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളത്. ശമ്പളവും പെൻഷനും ഉൾപ്പെടെയുള്ള പ്രതിമാസ ചിലവുകൾക്കായി 135.94 കോടി രൂപ ഒരു മാസം ആവശ്യമുള്ളപ്പോൾ നമ്മൾക്ക് പിരിച്ചെടുക്കാൻ പറ്റുന്നത് 43 കോടി രൂപ മാത്രമാണ്. ഇതുമൂലം പെൻഷൻ ആനുകൂല്യങ്ങൾ വർഷങ്ങളായി യഥാസമയം നൽകാൻ സാധിക്കുന്നില്ല, മാത്രമല്ല GPF-TA,NRA,CLOSURE എന്നിവ 11 മാസങ്ങളായി നല്കാൻ സാധിച്ചിട്ടില്ല . ഈ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിന് നമ്മൾക്ക് ലഭിക്കാനുള്ള വാട്ടർ ചാർജ് കുടിശ്ശിക അടിയന്തരമായി പിടിച്ചെടുക്കേണ്ടതുണ്ട്. ഒരു മാസം ആദ്യ ദിവസത്തെ പെയ്മെന്റിന് മാത്രം 70.00 കോടി രൂപയിൽപരം ആവശ്യമാണ്. ആയതിനാൽ പ്രതിമാസ ടാർജറ്റ് ആയ 177.00 കോടി രൂപയിൽ 100.00 കോടി രൂപയെങ്കിലും പിരിച്ചെടുക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ഓരോ ഡിവിഷനുകളും യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിക്കേണ്ടതാണ്. ഓരോ ഡിവിഷന്റെയും പ്രതിമാസ ഡിമാൻഡും ക്ലോസിങ് ബാലൻസും കണക്കിലെടുത്ത് 2022 ജനുവരി, ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിൽ 100.00 കോടി രൂപ വീതം പിരിച്ചെടുക്കുന്നതിനു വേണ്ടി പുതുക്കിയ ടാർഗെറ്റ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രസ്തുത ടാർഗറ്റ് എല്ലാ

Draft #9 of File 5585/AO(RMC)/2021/KWA Approved by Accounts Member on 07-Jan-2022 10:49 AM - Page 1

ഡിവിഷനുകളും ബന്ധപ്പെട്ട സബ് ഡിവിഷനുകൾക്ക് വീതിച്ചു നൽകേണ്ടതാണ്. ടി ടാർഗറ്റ് കൈവരിക്കുന്നതിനുവേണ്ടി പരമാവധി ജീവനക്കാരെ ഉൾപ്പെടുത്തി റവന്യൂ സ്ക്വാഡുകൾ രൂപീകരിക്കേണ്ടതും പ്രസ്തുത സ്ക്വാഡിലെ ജീവനക്കാർ കുടിശ്ശികയുള്ള ഉപഭോക്താക്കളെ ഫോൺ മുഖേനയോ നേരിട്ടോ ബന്ധപ്പെട്ട് കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം സംബന്ധിച്ച കാര്യങ്ങൾ എല്ലാ ഡിവിഷനുകളും സ്വീകരിക്കുന്നുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉറപ്പുവരുത്തേണ്ടതും ബന്ധപ്പെട്ട സൂപ്രണ്ടിങ് എൻജിനീയർമാർ ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കേണ്ടതുമാണ്. ഓരോ ആഴ്ചയിലേയും റവന്യൂ കളക്ഷൻ പുരോഗതി എക്സിക്യൂട്ടീവ് എൻജിനീയർമാർ നേരിട്ട് വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകേണ്ടതാണ്. അത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട AO മാരും RO മാരും RMC ക്കു ലഭ്യമാക്കേണ്ടതുമാണ്. ഓരോ മാസവും 100.00 കോടി രൂപ പിരിച്ചെടുക്കുന്നതിനുള്ള ഉദ്യമം വിജയകരമായി നടപ്പിലാക്കുന്നതിന് എല്ലാ വിഭാഗം ജീവനക്കാരുടെയും ആത്മാർത്ഥമായ പരിശ്രമം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

V. Ramasubramani .
അക്കൗണ്ട്സ് മെമ്പർ

സ്വീകർത്താവ്

എല്ലാ സൂപ്രണ്ടിങ് എൻജിനീയർമാർക്കും
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർ മാർക്കും
എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർ മാർക്കും

പകർപ്പ്:-

ALL CEs
PA TO MD/PA TO TM/PA TO AM

Draft #9 of File 5585/AO(RMC)/2021/KWA Approved by Accounts Member on 07-Jan-2022 10:49 AM - Page 2

The document is digitally approved. Hence signature is not needed.

# KERALA WATER AUTHORITY

## REVISED TARGET FOR THE MONTH OF JANUARY,FEBRUARY AND MARCH 2022

| Sl No. | NAME OF DIVISION | Demand For the Month**(Amount in Rupees)** | Closing Balance on 30.11.2021**(Amount in Rupees** | **Revised Targat (Amount in Cr.)** |
|---|---|---|---|---|
| 1 | PH Division, Trivandrum(North) | 8,89,07,414 | 5,94,27,64,735 | **16** |
| 2 | PH Division,Trivandrum (South) | 7,81,16,712 | 1,64,41,74,814 | **12** |
| 3 | PH Division,Kollam | 3,85,29,848 | 1,00,20,67,637 | **6.5** |
| 4 | WS Division, Kochi | 4,69,39,029 | 68,10,11,495 | **7.75** |
| 5 | PH Division, Alappuzha | 3,01,83,406 | 64,83,87,958 | **5** |
| 6 | PH Division, Thrissur | 1,16,10,238 | 47,58,95,538 | **2.5** |
| 7 | WS Division, Neyyattinkara | 1,50,35,807 | 46,01,82,593 | **2.5** |
| 8 | PH Division, Kochi | 6,42,83,645 | 37,72,55,744 | **10.5** |
| 9 | PH Division, Kottayam | 1,79,37,606 | 34,68,12,681 | **3** |
| 10 | PH Division, Pathanamthitta | 80,76,565 | 26,12,18,806 | **1.25** |
| 11 | WS Division, Attingal | 87,63,281 | 25,89,30,069 | **1.5** |
| 12 | PH Division, Tiruvalla | 1,72,48,613 | 24,36,90,932 | **2.5** |
| 13 | PH Division Kozhikode | 4,17,75,050 | 22,33,17,727 | **6.5** |
| 14 | PH Division, Palakkad | 2,25,37,145 | 18,26,30,054 | **3.75** |
| 15 | PH Division, Thodupuzha | 51,94,417 | 18,14,60,333 | **0.8** |
| 16 | PH Division, Irinjalakuda | 1,48,59,582 | 17,33,94,212 | **2.25** |
| 17 | Head works, Aruvikkara | 94,20,258 | 16,79,91,145 | **1.5** |
| 18 | PH Division, Aluva | 1,44,33,170 | 14,54,90,359 | **2.25** |
| 19 | PH Division, Shornur | 74,20,121 | 11,15,75,414 | **1.25** |
| 20 | PH Division, Movattupuzha | 85,05,132 | 8,35,99,657 | **1.25** |
| 21 | PH Division, Kannur | 1,35,43,840 | 6,67,15,946 | **2.25** |
| 22 | PH Division Sulthan Battery | 40,07,677 | 6,64,38,526 | **0.6** |
| 23 | PH Division Malappuram | 1,05,81,126 | 5,78,80,298 | **1.5** |
| 24 | PH Division, Kottarakara | 54,37,605 | 4,93,36,956 | **0.8** |
| 25 | PH Division, Kaduthuruthy | 50,25,325 | 4,28,33,888 | **0.75** |
| 26 | PH Division Edappal | 40,48,106 | 2,94,37,393 | **0.6** |
| 27 | PH Division Vatakara | 70,67,744 | 2,82,18,383 | **0.95** |
| 28 | W S Division Thaliparamb | 97,93,313 | 2,21,38,123 | **1.5** |
| 29 | PH Division, Kasaragod | 34,30,272 | 1,72,78,112 | **0.5** |
| | **TOTAL** | **61,27,12,047** | **13,99,21,29,528** | **100** |

Draft #9 of File 5585/AO(RMC)/2021/KWA Approved by Accounts Member on 07-Jan-2022 10:49 AM - Page 3

Draft #9 of File 5585/AO(RMC)/2021/KWA Approved by Accounts Member on 07-Jan-2022 10:49 AM - Page 4